(ബി) നിയമനാംഗീകാരം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത അദ്ധ്യാപകരുടെ പേരുവിവരം സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) ശമ്പളമില്ലാതെ ജോലി ചെയ്യുന്ന പ്രസ്തുത അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകി ശമ്പളം ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2011-നുശേഷം നിയമനാംഗീകാരമില്ലാതെയുള്ള അദ്ധ്യാപകരുടെ സർവ്വീസ് വിഷയങ്ങളിലുൾപ്പെടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

അമ്പലപ്പുഴ മണ്ഡലത്തിലെ ശുചിമുറികൾ (ടോയിലറ്റുകൾ) ഇല്ലാത്ത സർക്കാർ സ്കൂളുകൾ

68 (4682) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴ മണ്ഡലത്തിൽ ശുചിമുറികൾ (ടോയിലറ്റുകൾ) ഇല്ലാത്ത എത്ര സർക്കാർ സ്കൂളുകൾ ഉണ്ട്; ഇവിടങ്ങളിൽ ശുചിമുറികൾ സ്ഥാപിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

അമ്പലപ്പുഴ മണ്ഡലത്തിലെ എല്ലാ സർക്കാർ സ്കൂളുകൾക്കും ശുചിമുറികളുണ്ട്.

സ്പെഷ്യൽ സ്കൂളുകൾക്കുള്ള ബഡ്ജറ്റ് വിഹിതം

69 (4683) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്കൂളുകൾക്കായി സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം തുക നീക്കിവെയ്ക്കാൻ തുടങ്ങിയത് എന്നുമുതലാണ്;

(ബി) ഈ സാമ്പത്തിക വർഷം സ്പെഷ്യൽ സ്കൂളുകൾക്കായി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്;

(സി) നൂറ് കുട്ടികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly